ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇപ്പോൾ അങ്ങനെ ഒരു പ്രശ്നമുള്ളതായി ഗവണ്മെന്റിന്റെ അറിവിൽ ഇല്ല. കേന്ദ്ര ഗവണ്മെന്റ് മിനി മിഷനുകളുടെ പ്രവർത്തനങ്ങൾ കുറെക്കൂടി ശക്തമാക്കാനും വിപുലമാക്കാനും ചില നിർദ്ദേശങ്ങൾ സംസ്ഥാന ഗവണ്മെന്റ് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. അതു പരിശോധിച്ചുവരികയാണ്. അതിന്റെ അടിസ്ഥാനത്തിൽ മിനി മിഷനുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും.

[ചോദ്യോത്തര സമയം കഴിഞ്ഞു.]

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*210) വനവിസ്തീർണ്ണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 കൊല്ലത്തിനിടയ്ക്ക് കേരളത്തിൽ വനവിസ്തീർണ്ണം കുറഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) വനസമ്പത്ത് നിലനിർത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ഡി) കേരള വനങ്ങളിലെ അമൂല്യങ്ങളായ ഔഷധസസ്യങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേരളത്തിലെ വനസമ്പത്ത് നിലനിർത്തുവാൻ ഫലപ്രദമായ പ്രവർത്തനങ്ങൾ വനംവകുപ്പു നടത്തുന്നുണ്ട്. ആകെ വനവിസ്തൃതിയുടെ 23% സംരക്ഷിത മേഖലയായി (Protected Area) വന്യജീവി സങ്കേതങ്ങളായും ദേശീയോദ്യാനങ്ങളായും പരിപാലിച്ചുവരുന്നുണ്ട്. പ്രശ്നപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പട്രോളിംഗ് നടത്തുക, പ്രക്ഷീണവനങ്ങളിൽ വനവൽക്കരണം നടത്തുക, കാട്ടുതീയിൽനിന്നും വനത്തെ സംരക്ഷിക്കുക, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വനസംരക്ഷണം ഊർജ്ജിതപ്പെടുത്തുക, വനനിയമങ്ങളിൽ കാലോചിതമായി ഭേദഗതി വരുത്തി വനകുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് കൂടുതൽ ശിക്ഷ നൽകുക, മണ്ണ്-ജലസംരക്ഷണ നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ സ്വാഭാവിക വനത്തിന്റെ സമഗ്രമായ സംരക്ഷണത്തിലൂടെ അമൂല്യങ്ങളായ ഔഷധസസ്യങ്ങൾ സംരക്ഷിച്ചുവരുന്നു. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 172 ഹെക്ടർ സ്ഥലത്ത് ഔഷധ തോട്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വളർത്തി പരിപാലിച്ചുവരുന്നു. കൂടാതെ FRLHT (Foundation for the Revitalization of Local Health Tradition) യുടെ ധനസഹായത്തോടെ 1229 ഹെക്ടർ സ്ഥലം "മെഡിസിനൽ പ്ലാന്റ് കൺസർവേഷൻ ഏരിയ" (M.P.C.A) ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. വനപ്രിയ, വനസ്പതി വനം, ഔഷധതോട്ടനിർമ്മാണവും ഔഷധക്കൃഷി രീതിയുടെ വികസനവും എന്നീ പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. വനങ്ങളിലെ അമൂല്യവും അപൂർവ്വവുമായ ഔഷധസസ്യങ്ങൾ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് നിലവിലുള്ള വനനിയമം അനുസരിച്ച് കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

5 (*211) **കെ.എസ്.ആർ.ടി.സി. യുടെ ഷോപ്പിംഗ് കോംപ്ലക്സുകൾ**

ശ്രീ. എം.എ. തോമസ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം. ദാസൻ :
ശ്രീ. എളമരം കരീം :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏതെല്ലാം സ്ഥലങ്ങളിലാണ് ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ എവിടെയെങ്കിലും ഇവ പ്രവർത്തിച്ചു വരുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി. എത്ര കോടി രൂപയാണ് സമാഹരിക്കാൻ പദ്ധതിയിട്ടിട്ടുള്ളത്;

(സി) ഷോപ്പിംഗ് കോംപ്ലക്സിൽ മുറി ആവശ്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അഡ്വാൻസ് വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കോർപ്പറേഷൻ ഇപ്പോൾ മുറികൾ വാടകയ്ക്ക് കൊടുക്കുന്ന രീതി വിശദീകരിക്കുമോ; ഇതിനായി ഇതിനുമുൻപ് ലേലം നടന്നത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) കണ്ണൂർ, കാസർഗോഡ്, അങ്കമാലി, പേരൂർക്കട എന്നീ സ്ഥലങ്ങളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ ഷോപ്പിംഗ് കോംപ്ലക്സുകളില്ല.

(ബി) നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണത്തിന് ഷോപ്പുകൾ മുൻകൂട്ടി ലേലം ചെയ്ത് പലിശ രഹിത സെക്യൂരിറ്റിയായി പരമാവധി തുക സമാഹരിക്കുന്നതിനാണ് പദ്ധതിയുള്ളത്.

(സി) ഉണ്ട്. പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റുകളായി.

(ഡി) ഷോപ്പിംഗ് കോംപ്ലക്സിൽ മുറികൾ, പലിശരഹിത ഡെപ്പോസിറ്റിനുവേണ്ടി ലേലം ചെയ്യുകയും കോർപ്പറേഷനിൽ നിശ്ചയിക്കുന്ന മിനിമം സെക്യൂരിറ്റി ഡെപ്പോസിറ്റിന് മുകളിലുള്ള ലേലത്തുകകളിൽ ഏറ്റവും കൂടു

LIBRARY ARCHIVES Kerala Legislative Assembly